കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 മാർച്ച് 6, തിങ്കൾ

വാല്യം 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2000 മാർച്ച് മാസം 6-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ (*301)

മറൈൻ പോലീസ് വിംഗിന്റെ രൂപീകരണം

1 (*301)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനാ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് മറൈൻ പോലീസ് വിംഗ് രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പോലീസ് സേനയിൽ നീന്തൽ പരിശീലനം നേടിയ വിദഗ്ദ്ധരുടെ സേവനം ലഭ്യമാണോ; എങ്കിൽ ഈ വിധം പരിശീലനം നേടിയ എത്ര പേരുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇടയ്ക്കിടെയുണ്ടാകുന്ന ജല അപകടങ്ങൾ പരിഗണിച്ച് പരിശീലനം നേടിയ പോലീസുകാരെ ഉൾപ്പെടുത്തി മറൈൻ പോലീസ് വിംഗ് രൂപീകരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കുളങ്ങളിലും കായലുകളിലും മറ്റും വീഴുന്നവരെ രക്ഷിക്കാൻ പോലീസ് സേനാ വിഭാഗത്തിൽ പ്രത്യേക പരിശീലനം സിദ്ധിച്ചവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിശീലനം മെച്ചപ്പെടുത്തി കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ സംരക്ഷണവും നീതിയും ഉറപ്പാക്കുന്നതിനും ആവശ്യമായ അനേകം നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പോലീസ് സേനയിൽ സ്വീകരിച്ചിട്ടുള്ള പല പരിഷ്ക്കരണ നടപടികളുടേയും ഫലമായി സേനയുടെ ആത്മവീര്യം ഉയരുകയും, പ്രവർത്തനശൈലി മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5000-ത്തിലധികം തസ്തികകൾ സൃഷ്ടിച്ച് പോലീസ് സേനാവിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ക്രമസമാധാനം ശക്തിപ്പെടുത്തുന്നതിനും തീവ്രവാദ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിനുമായി 'കേരള റൈഫിൾസ്' എന്ന പേരിൽ 1000 അംഗങ്ങൾ വീതമുള്ള മൂന്ന് സായുധസേനാ ബറ്റാലിയനുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പോലീസ് സേനയിൽ വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. പോലീസ് സേനയിൽ വനിതകളുടെ അംഗസംഖ്യ സേനാ ബലത്തിന്റെ 10 ശതമാനമായി ഉയർത്തുന്നതാണ്. ഇതിനുവേണ്ടി 3,500 പേരെ റിക്രൂട്ട് ചെയ്യേണ്ടതുണ്ട്. ഇതിലേയ്ക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ച് ടെസ്റ്റ് നടത്തിക്കഴിഞ്ഞിട്ടുണ്ട്. സബ് ഇൻസ്പെക്ടർമാരുടെ ജനറൽ റിക്രൂട്ട്മെന്റിനോടൊപ്പം വനിതാ സബ് ഇൻസ്പെക്ടർമാരെയും നേരിട്ട് തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യ മാറ്റങ്ങൾക്കനുസൃതമായി പൊതുജനങ്ങളുമായി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സമ്പർക്കം പുലർത്തുന്നതിലേക്കായി പോലീസ് സേനാംഗങ്ങളുടെ പരിശീലനപരിപാടിയിൽ കാതലായ മാറ്റം വരുത്തിക്കൊണ്ടുള്ള ഒരു പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തൃശൂർ കേന്ദ്രമാക്കി പോലീസ് അക്കാഡമി രൂപീകരിക്കുന്നതും അതിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതുമാണ്. പോലീസ് അക്കാഡമി ഡയറക്ടറായി എ.ഡി.ജി.പി. ശ്രീ.കെ.ജെ. ജോസഫിനെ നിയമിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യ സംരംഭമായി ഒരു പോലീസ് മ്യൂസിയം കൊല്ലം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. ഫയറിംഗിൽ ആധുനിക രീതിയിൽ ശരിയായ പരിശീലനം നൽകുന്നതിനുള്ള തീരുമാനത്തിന്റെ ഭാഗമായി ഇലക്ട്രോണിക് സ്റ്റിമുലേറ്റർ വാങ്ങിയിട്ടുണ്ട്. വി.ഐ.പി. സെക്യൂരിറ്റിക്കായി സ്പെഷ്യൽ പ്രൊട്ടക്ഷൻ ഫോഴ്സ് എന്ന പേരിൽ ഒരു പുതിയ ഗ്രൂപ്പ് രൂപവൽക്കരിച്ച് പരിശീലനം നൽകി വരുന്നുണ്ട്. സംസ്ഥാന പോലീസ് മോണിട്ടറിംഗ് റൂം ആധുനികവൽക്കരിച്ചു. കേസ് അന്വേഷണത്തിന്റെ പുരോഗതിയും വിവരങ്ങളും ആവലാതിക്കാരെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്ന വിവരം പരാതിക്കാരെ പോലീസ് വകുപ്പിൽനിന്നും രേഖാമൂലം അറിയിക്കുന്നതാണ്. കൂടാതെ കേസ് രജിസ്റ്റർ ചെയ്ത്, മൂന്ന്മാസം, ആറ്മാസം, ഒരു വർഷം കഴിയുമ്പോഴും, ഏതെങ്കിലും കാരണവശാൽ കേസന്വേഷണം പൂർത്തിയാകാതെ വന്നാൽ വിവരം പ്രസ്തുത പരാതിക്കാരനെ രേഖാമൂലം അറിയിക്കാനും നടപടി സ്വീകരിക്കുന്നതാണ്. സ്ഫോടക വസ്തുക്കളും ബോംബുകളും ഉപയോഗിച്ച് ജനങ്ങൾക്കെതിരേയും ഡ്യൂട്ടിക്ക് നിയോഗിക്ക

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട പോലീസുകാർക്കെതിരേയും ആക്രമണങ്ങൾ ഉണ്ടായാൽ ഇത് ഗുരുതര മായ കുറ്റകൃത്യമായി കണക്കാക്കി ഐ.പി.സി. 307-ാം വകുപ്പനുസരിച്ച് വധ ശ്രമം ആയി കേസെടുത്ത് അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീകളും കുട്ടികളും നേരിടുന്ന പ്രശ്നങ്ങളിൽ അടിയന്തിര നടപടി സ്വീക രിച്ച് അവർക്ക് സത്വര സഹായമെത്തിക്കാൻ '1091' എന്ന നമ്പരിൽ ഒരു സൗജന്യ ഹെൽപ്പ്-ലൈൻ സംവിധാനം ആരംഭിക്കാൻ നടപടി സ്വീകരിച്ചുവ രുന്നു. പോലീസിന്റെ പ്രവർത്തനങ്ങളിൽ പൊതുജന സഹകരണവും സൗഹൃ ദവും ഉറപ്പാക്കിക്കൊണ്ട് പോലീസ് പ്രവർത്തനങ്ങളെ ഒരു സമ്പൂർണ്ണ കർമ്മ മേഖലയാക്കി മാറ്റിത്തീർക്കുന്നതിനുവേണ്ടി കേരള പീപ്പിൾസ് പോലീസ് സ്കീമിന്റെ കരട് തയ്യാറാക്കി പൊതുപ്രവർത്തകരുടേയും നിയമവിദഗ്ദ്ധരു ടേയും മറ്റുള്ളവരുടേയും അഭിപ്രായം അറിയിക്കുന്നതിനുവേണ്ടി പൊതു ചർച്ചക്ക് സമർപ്പിച്ചിരിക്കുകയാണ്. ഇതേക്കുറിച്ച് വ്യത്യസ്ത തലങ്ങളിലുള്ള ചർച്ചകളും പരിശോധനകളും നടന്നുവരികയാണ്. ഇത് പൂർത്തിയായതിനു ശേഷം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്നു കേന്ദ്രങ്ങളിൽ ദേശീയ പ്രാധാന്യമുള്ള മൂന്ന് സെമിനാറുകളും തുടർന്ന് ജില്ലാ, താലൂക്ക്, പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ തലങ്ങളിൽ സെമിനാറുകളും നട ത്തുന്നതാണ്. ഈ പദ്ധതിക്ക് ഏപ്രിൽ മാസത്തോടെ അന്തിമരൂപം നൽകി 2000 മെയ് 2 മുതൽ നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ പഞ്ചായത്ത്-മുനിസിപ്പൽ കോർപ്പറേഷനുകളിലെ തെരഞ്ഞെടുക്കപ്പെട്ട 1200 വാർഡുകളിൽ പ്രാരംഭമായി ഈ പദ്ധതി നടപ്പിലാക്കും. ക്രമസമാധാന-കുറ്റാ ന്വേഷണ രംഗങ്ങൾ ശക്തിപ്പെടുത്തുന്നതിന് കാതലായ ചില മാറ്റങ്ങൾ വരു ത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ഓരോ പോലീസ് സ്റ്റേഷനിലും ഉണ്ടാകുന്ന ക്രൈംകേസുകൾക്ക് ആനുപാതികമായി അന്വേഷണ ഉദ്യോഗസ്ഥന്മാരെ നിയ മിക്കുന്നതാണ്. കുറ്റകൃത്യങ്ങൾ ഉണ്ടാകുമ്പോൾ, പ്രധാനപ്പെട്ട കുറ്റകൃത്യങ്ങളി ന്മേൽ ലോക്കൽ പോലീസ് അന്വേഷണവും ക്രൈം ബ്രാഞ്ച് അന്വേഷണവും സമാന്തരമായി നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇതിന് സാദ്ധ്യമാകുന്ന രീതിയിൽ ലോക്കൽ-ക്രൈം ബ്രാഞ്ച് വിഭാഗങ്ങളിൽ കൂടു തൽ അന്വേഷണ ഉദ്യോഗസ്ഥന്മാരെ വിന്യസിക്കുന്നതാണ്. ഈ നിർദ്ദേശ ത്തിന്റെ നാനാവശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. പോലീസ് സേനാ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച മറ്റ് വിശദാംശങ്ങൾ അനുബ ന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) കേരളത്തിന്റെ തീരപ്രദേശങ്ങളിലെ പ്രത്യേകതകൾ കണക്കി ലെടുത്ത് കടലിലും മറ്റ് ജലാശയങ്ങളിലുമുണ്ടാകുന്ന പ്രശ്നങ്ങളിൽ ജന ങ്ങൾക്ക് സഹായമെത്തിക്കാൻ കഴിയുന്ന ക്രമീകരണങ്ങൾ പോലീസിൽ രൂപീ കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ചു വരികയാണ്.

(സി) പോലീസ് സേനയിൽ നിന്നും പരിശീലനം നേടിയവരും സ്പോർട്സ് കോട്ടയിൽ നിയമിതരുമായ പതിനൊന്ന് പേർ താഴെപ്പറയുന്ന തസ്തികകളിൽ വിവിധ സായുധസേനാ ബറ്റാലിയനുകളിൽ പ്രവർത്തിക്കുന്നുണ്ട്:

ഐ.പി.എസ്.ഐ.	–	6
എ.പി.എ.എസ്.ഐ.	–	5

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ഡി)&(ഇ) ജല അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിരമായി സഹായമെത്തിച്ച് വേണ്ട രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ അടിയന്തിര നടപടി എന്ന നിലയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിലെ പോലീസ് കൺട്രോൾ റൂമുകളോടനുബന്ധിച്ച് മറൈൻ ഡ്യൂട്ടിക്കായി പോലീസ് സേനാംഗങ്ങളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : സർ, സ്വയം പേരു വെളിപ്പെടുത്താതെ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് പോലീസിന് വിവരം നൽകാൻ എന്തെങ്കിലും സംവിധാനമുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : സർ, ക്രൈം സ്റ്റോപ്പർ എന്ന പേരിലാണ് ഈ സംവിധാനം നൽകിയിട്ടുള്ളത്. രണ്ടുവർഷമായി ഈ പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ജനങ്ങൾക്ക് വളരെയധികം സഹായം ചെയ്യുന്ന ഈ പദ്ധതിയെക്കുറിച്ച് ആന്ധ്രാപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ പ്രതിനിധികൾ ഇവിടെവന്ന് പഠനം നടത്തുകയും ഈ പദ്ധതി അതത് സംസ്ഥാനങ്ങളിൽ ആരംഭിക്കുകയും ചെയ്തതായി റിപ്പോർട്ടുണ്ട്. പരാതി പറയുന്നവർ സ്വന്തം പേര് വെളിപ്പെടുത്താതെ '1090' എന്ന നമ്പരിൽ വിളിച്ച് ആക്ഷേപം അറിയിക്കുന്ന ഒരു സംവിധാനമാണിത്. നിരവധി കുറ്റകൃത്യങ്ങൾ തടയുന്നതിനും തെളിയിക്കുന്നതിനും ഈ സംവിധാനം സഹായകരമായിട്ടുണ്ടെന്നാണ് അനുഭവത്തിൽ വ്യക്തമാകുന്നത്.

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : സർ, ഡയൽ 100 സംവിധാനത്തോടെയുള്ള കൺട്രോൾ റൂം ഏതെല്ലാം പട്ടണങ്ങളിലാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

ശ്രീ. ഇ.കെ. നായനാർ : സർ, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കൊല്ലം, കോട്ടയം, പാലക്കാട്, തൃശൂർ, കണ്ണൂർ എന്നീ പട്ടണങ്ങളിലാണ് ഈ സംവിധാനം നടപ്പാക്കിയിട്ടുള്ളത്.

ശ്രീ. വി.കെ. ചന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് അവ മോണിറ്റർ ചെയ്യാൻ എന്തെങ്കിലും സംവിധാനമുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. ഇ.കെ. നായനാർ : സർ, കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിന് സംവിധാനമുണ്ട്; മോണിറ്റർ ചെയ്യാനുള്ള സംവിധാനവുമുണ്ട്.

ശ്രീ. വി.കെ. ചന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്തെ പ്രധാന സിറ്റികളിൽ രാത്രികാലങ്ങളിൽ കുറ്റകൃത്യങ്ങൾ കൂടുതൽ നടക്കുന്നതായി അറിയുന്നു. ഇങ്ങനെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സർ, കുറ്റവാളികളേയും കുറ്റകൃത്യങ്ങളിൽ സംശയിക്കപ്പെടുന്നവരേയും സംബന്ധിച്ച് ഫോട്ടോഗ്രാഫുകൾ ഉൾപ്പെടെ സർവ്വ വിവരങ്ങളും ഉൾക്കൊള്ളുന്ന കമ്പ്യൂട്ടർ ഡേറ്റാ ഷീറ്റുകളുണ്ടാക്കി വിശകലനം ചെയ്ത് കുറ്റകൃത്യങ്ങൾ സത്വരം കണ്ടെത്തുന്നതിനുള്ള സംവിധാനം ഇപ്പോൾ ക്രൈം ഡിറ്റാച്ച്മെന്റ് വിഭാഗം തയ്യാറാക്കിയിരിക്കുകയാണ്. ഇലക്ട്രോണിക് മെയിൽ സംവിധാനത്തിൽ, കുറ്റകൃത്യങ്ങൾ നടന്നാലുള്ള വിവരങ്ങളും പരാതികളും കൈകാര്യം ചെയ്യുന്നതിന് ഹൈടെക് കൺട്രോൾ റൂം തയ്യാറാക്കിയിരിക്കുകയാണ്. ഫിംഗർ പ്രിന്റ് പ്രാധാന്യമടങ്ങുന്ന കുറ്റവാളികളെ കണ്ടുപിടിക്കുന്നതിനുള്ള ഏർപ്പാടുകളും ഫിംഗർ പ്രിന്റ് അനാലിസിസ്

LIBRARY ARCHIVES Kerala Legislative Assembly

ആൻറ് ക്രിമിനൽ ട്രേസിംഗ് സിസ്റ്റം എന്ന അത്യാധുനിക കമ്പ്യൂട്ടർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എൻ. കണ്ണൻ : സർ, പുതുതായി രൂപീകരിക്കുന്ന കേരളാ റൈഫിൾസ് ബറ്റാലിയനുകളുടെ ആസ്ഥാനം എവിടെയാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സർ, ഇപ്പോൾ കാസർഗോഡ്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകൾ ആസ്ഥാനമാക്കിയാണ് മൂന്ന് റൈഫിൾ സെന്ററുകൾ നടപ്പിലാക്കുന്നത്.

ശ്രീ. എൻ. കണ്ണൻ : സർ, കുറ്റാന്വേഷണം കുറ്റമറ്റരീതിയിലും വേഗത്തിലും നടത്താൻ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : സർ, പരിശീലനം നൽകുന്നുണ്ട്. എല്ലാ മാസവും പരിശീലനം ഉണ്ട്. പരിശീലനത്തിന്റെ കുറവൊന്നുമില്ല. കുറ്റം നടക്കുന്നത് വേറെകാര്യം.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടുപിടിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താൻ സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. ഇ.കെ. നായനാർ : സർ, അത് ഏർപ്പെടുത്താമല്ലോ. ഡൽഹിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ക്രിമിനോളജി ആന്റ് ഫോറൻസിക് സയൻസ്, ഹൈദ്രാബാദിലെ സെൻട്രൽ ഡിറ്റക്ടീവ് ട്രെയിനിംഗ് സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ വിദഗ്ദ്ധന്മാരെ വരുത്തി കുറ്റാന്വേഷണത്തിന് ആധുനിക സാങ്കേതിക വിദ്യ പ്രയോഗത്തിൽ വരുത്താൻ ശ്രമം നടത്തുകയാണ്. ഇതിനുപുറമേ ഇന്റലിജൻസ് ബ്യൂറോയും, സംസ്ഥാന പോലീസിന്റെ ഇന്റലിജൻസ് വിഭാഗം ഉദ്യോഗസ്ഥന്മാരും ആധുനിക സ്ഫോടക വസ്തുക്കളെ സംബന്ധിച്ച് ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. പരിശീലനവും പഠനവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി പോലീസ് അക്കാഡമിയുടെ പ്രവർത്തനം കൂടുതൽ സജീവമാക്കിത്തീർക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, ട്രാഫിക് അപകടങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അത് ഒഴിവാക്കാൻ വേണ്ടിയുള്ള കർശന നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സർ, കർശന നടപടി എന്ന് പറഞ്ഞാൽ അടിപിടി നടക്കും അത് തന്നെയാണ്. കർശന നടപടി എന്ന് പറഞ്ഞാലുള്ള സ്ഥിതി എന്താണ്? പോലീസ് ഒന്നുകിൽ ബസ് നിറുത്തുക; ഇവൻ കുടിക്കുന്നുണ്ടോ എന്ന് നോക്കുക; മണപ്പിച്ച് നോക്കുക; അപ്പോൾ ലേറ്റാകും. ലേറ്റാകുമ്പോൾ ആളുകളുടെ ധൃതി വേറെ. ഏതായാലും കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്താണ് ചെയ്യുന്നതെന്ന് അനുഭവത്തിൽക്കൂടിയേ കൂടിയേ അറിയാൻ കഴിയൂ.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, പ്രവാസി മലയാളികളുടേയും മറ്റ് വിദേശ മലയാളികളുടേയും പരാതി കൈകാര്യംചെയ്യാൻ എന്തെങ്കിലും സംവിധാനം പോലീസ് വകുപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : ഉണ്ട്. പ്രവാസി മലയാളികളുടെ കാര്യം കൈകാര്യംചെയ്യുന്നതിനുവേണ്ടി പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സൂപ്രണ്ടിന്റെ ചുമതലയും പബ്ലിക് വിൻഡോ സെല്ലിന്റെ ഭാഗമായി ഒരു പ്രത്യേക വിഭാഗവും ഏർപ്പെടുത്തിയിട്ടുണ്ട്. പരാതിയിന്മേൽ അന്വേഷണ റിപ്പോർട്ട് കിട്ടിയാൽ പരാതിക്കാർക്ക് മറുപടി നൽകും. ഇന്റർനെറ്റ് സംവിധാനത്തിൽ കേരള പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. ഈ സംവിധാനം വഴി ലോകത്തിന്റെ ഏത് ഭാഗത്തു നിന്നും പരാതികളും വിവരങ്ങളും ഡി.ജി.പി.ക്ക് നൽകാനുള്ള ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം ക്രമേണ ജില്ലാ തലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : സർ, പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി പത്ത് നിർദ്ദേശങ്ങൾ പോലീസിൽ നൽകിയിട്ടുള്ളതായി പറഞ്ഞിട്ടുണ്ട്. അത് പ്രാവർത്തികമാക്കുന്നതിനെ സംബന്ധിച്ച് റിവ്യൂ ചെയ്യാറുണ്ടോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : സർ, റിവ്യൂ ചെയ്യാറുണ്ട്. പത്ത് നിർദ്ദേശങ്ങൾ -എല്ലായിടത്തും പത്ത് ഉണ്ടല്ലോ. അത് ഇപ്പോൾ ഞാൻ പറയേണ്ട കാര്യമില്ല. ശ്രീ. ടി. എം. ജേക്കബിന് നല്ലപോലെ പത്തറിയാം. നമുക്കും അറിയാം. അതുകൊണ്ട് പത്ത് നിർദ്ദേശങ്ങൾ നടത്തിയതുൾപ്പെടെ കാര്യങ്ങൾ കാര്യക്ഷമമാക്കുന്നതിന് മൂന്ന് മാസത്തിലൊരിക്കൽ സംസ്ഥാനത്ത് മുഖ്യമന്ത്രി പങ്കെടുത്ത് റിവ്യൂ മീറ്റിംഗ് നടത്താറുണ്ട്. ഇതിനുപുറമേ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി., പോലീസ് സൂപ്രണ്ടുമാർ തുടങ്ങിയവർ അതാത് തലങ്ങളിൽ പ്രതിമാസ റിവ്യൂ മീറ്റിംഗ് നടത്തുന്നുണ്ട്. അത് എത്രകണ്ട് ഫലപ്രദമാണെന്ന് അനുഭവത്തിൽ കൂടിയേ പറയാൻ കഴിയൂ.

<u>ശ്രീ. കെ. ബാബു</u> : സർ, നമ്മുടെ സംസ്ഥാനത്ത് നഗരങ്ങളിൽ, പ്രത്യേകിച്ച് കൊച്ചി നഗരത്തിൽ സമീപകാലത്ത് കൊലപാതകങ്ങൾ വളരെയേറെ വർദ്ധിച്ചുവരുകയാണ്. അതുപോലെ പിടിച്ചുപറിയും മോഷണവും വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. ഭീതിജനകമായ ഒരു സാഹചര്യം ഇന്ന് കൊച്ചി നഗരത്തിൽ ഉണ്ട്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് അവസാനിപ്പിക്കാൻ അടിയന്തിരമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : സർ, കൊച്ചിയിൽ ഇതു പോലുള്ള സംഭവങ്ങൾ കുറവാണ്. അവിടത്തെ കമ്മീഷണർ ഏറ്റവും നല്ല ഒരു ഓഫീസർ ആയിരുന്നു. അദ്ദേഹം ട്രാൻസ്ഫർ ആയി, പുതിയ ആൾ വരുന്നുണ്ട്, കയ്ക്കാട്ട്, ബോംബെ, മദ്രാസ്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളുമായി താരതമ്യപ്പെടുത്തുകയാണെങ്കിൽ ഇതുപോലുള്ള സംഭവങ്ങൾ ഏറ്റവും കുറച്ച് നടക്കുന്നത് കൊച്ചിയിലാണ്. ഡൽഹിയിൽ എന്താണ് സ്ഥിതി? അവിടത്തെ കുറ്റവും ഇവിടത്തെ കുറ്റവുമായി നോക്കിയാൽ ആയിരം മടങ്ങ് വ്യത്യാസമുണ്ട്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, മറൈൻ പോലീസ്സേന രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്ന് പറഞ്ഞത് സ്വാഗതാർഹമാണ്. എങ്കിലും പോലീസിന് സഞ്ചരിക്കാൻ ആവശ്യമായ ബോട്ട് ഇല്ല. ഇപ്പോഴുള്ള ബോട്ട് ചിലതെല്ലാം പഴകിയതാണ്. ബോട്ട് വാടകയ്ക്കെടുത്താണ് ഇവർക്ക് കൊടുക്കുന്നത്. പലപ്പോഴും അത്യാവശ്യ സന്ദർഭങ്ങളിൽ ഈ ബോട്ടുകൾ ഓടുന്നില്ല. പുതിയ ബോട്ട് ലഭ്യമാക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ : സർ, ശരിയാണ്. മാത്രമല്ല നീന്താൻ അറിയുന്ന പോലീസുകാരും കുറവാണ്. അതിപ്പോൾ ഇവിടെ കണ്ടില്ലേ? രാഗേഷ് വെള്ളത്തിൽ മുങ്ങി മരിച്ചില്ലേ? നീന്താൻ പഠിപ്പിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റ് ഇപ്പോൾ തുടങ്ങിയിട്ടുണ്ട്. നമ്മളൊക്കെ കുട്ടിക്കാലത്ത് നീന്താൻ പഠിച്ചിട്ടാണ് വളർന്നത്. ഇപ്പോൾ പോലീസിൽ വരുന്നത് ബി.എ., എം.എ.യൊക്കെ പഠിച്ചിട്ടാണ്. പക്ഷേ നീന്താൻ അറിയില്ല. മറ്റ് ഡിപ്പാർട്ടുമെന്റിൽ നീന്താൻ അറിയുന്നവരുണ്ട്. മറൈൻ ഡ്രൈവിംഗിനുവേണ്ടി ആവശ്യമായ ട്രെയിനിംഗ് കൊടുക്കാൻ ബഹുമാനപ്പെട്ട മെമ്പർ, പറഞ്ഞ, ബോട്ടില്ല എന്ന കാര്യം സത്യമാണ്. ഇപ്പോൾ പുതിയ ബോട്ടിന് ഓർഡർ കൊടുത്തിരിക്കുകയാണ്. ഇപ്പോൾ ഓടുന്നത് പഴയ ബോട്ടാണ്. പണ്ട് ഇതാരും ശ്രദ്ധിക്കാറില്ലായിരുന്നു. ഇപ്പോഴാണ് അതിന് ശ്രദ്ധ തുടങ്ങിയത്.

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, നമ്മുടെ സംസ്ഥാനത്തിലെ പോലീസ് സ്റ്റേഷനുകളിലും എ.ആർ. ക്യാമ്പുകളിലും, ബറ്റാലിയൻ ക്യാമ്പുകളിലുമൊക്കെ ഉന്നതരായ ഉദ്യോഗസ്ഥന്മാർപോലും രാത്രി പോകാൻ ഭയപ്പെടുകയാണ്. മദ്യപാനവും മറ്റും എല്ലാ സ്റ്റേഷനുകളിലും ഉണ്ടെന്ന് ഞാൻ പറയുന്നില്ല. അതുകൊണ്ട് ഇത്തരം കുറ്റകൃത്യങ്ങൾ തടയാൻ ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്കാഡുകൾ രൂപീകരിച്ച് മാസത്തിലൊരിക്കൽ സ്റ്റേഷനുകളിലും ആർമ്ഡ് ഫോഴ്സിന്റെ ബറ്റാലിയനുകളിലും രാത്രികാലങ്ങളിൽ സർപ്രൈസ് ചെക്കിംഗ് നടത്താൻ മുഖ്യമന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സർ, അത് ശരിയാണ്. പക്ഷേ ഡി.ഐ.ജി. കുടിക്കാത്തവനായിരിക്കണം. അത് കൂടി പറയണം. പറഞ്ഞ കൂട്ടത്തിൽ അത് പറയാത്തത് മോശമായിപ്പോയി. മദ്യനിരോധനം ഇവിടെ ഇല്ല. മദ്യം ഇഷ്ടം പോലെ കുടിക്കാം. നമ്മളൊക്കെ കുടിക്കാത്തത് രാഷ്ട്രീയത്തിന്റെ പാരമ്പര്യം വച്ചുകൊണ്ടാണ്. എത്ര എം.എൽ.എ. മാർ കുടിക്കാത്തവരുണ്ട്. എത്ര പേർ കുടിക്കുന്നവരുണ്ട്? എനിക്കറിയില്ല. നമ്മൾ ഒരു പൊളിറ്റിക്സ്വച്ചുകൊണ്ട് കുടിക്കാതിരിക്കുകയാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, പോലീസിന്റെ നവീകരണവുമായി ബന്ധപ്പെട്ട ചോദ്യമാണ്. നമ്മുടെ ജീവിതത്തിൽ ഇലക്ട്രോണിക് മീഡിയയുടെ സ്വാധീനം ശക്തമായിവരുന്നുണ്ട്. അങ്ങയുടെ പാർട്ടിയുടേത് കൂടി വരുമ്പോൾ നല്ല മൽസരം വരും. നല്ലതാണ്. എന്റെ വിഷയം അതല്ല. ഗൂഢതരമായി ചില കേസുകളിൽ സ്വാഭാവികമായിട്ടും മീഡിയയുടെ ആളുകൾ, ഉദ്യോഗസ്ഥന്മാർ എന്ത് ചെയ്യും? അവരെക്കുറിച്ച് ജനങ്ങളോട് പറയുവാൻ, മീഡിയയോട് സംസാരിക്കാൻ പോലീസ് സേനയിൽ എവിടെയെങ്കിലും ഒരു ക്രമീകരണം ഉണ്ടോ? അടുത്തകാലത്ത് ഒരു വിദേശ കപ്പലിൽനിന്നുള്ള ആളുകളെ ഇവിടെ അറസ്റ്റ് ചെയ്തു. അവർ കുറ്റം ചെയ്തോ ഇല്ലയോ എന്നറിയില്ല. ഭക്ഷണം വാങ്ങാൻ വന്നതാണെന്നാണ് പറഞ്ഞത്. പക്ഷേ വിദേശ പാസ്പോർട്ട് അടക്കംഉള്ള ആളുകളെ ചോദ്യം ചെയ്തതുമായി ബന്ധപ്പെട്ട് മീഡിയയോട് സംസാരിക്കുന്നത്. വ്യക്തിയല്ല പ്രധാനം. ഒരു ജൂനിയർ ഓഫീസറാണ് പറഞ്ഞത്, ഒരു പ്രധാനപ്പെട്ട കാര്യം. അപ്പോൾ അത്തരം കാര്യങ്ങൾ ജനങ്ങളോട് പറയാനും പ്രസ്സിനോട് പറയാനും മീഡിയയോട് പറയാനും, ഇലക്ട്രോണിക് മീഡിയയോട് പറയുന്ന നയപരമായ കാര്യങ്ങൾ കൂടി-അത് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോ, അല്ലെങ്കിൽ ഡി.ജി.പി. യോ അല്ലെങ്കിൽ ഹോം സെക്രട്ടറിയോ പറയേണ്ട കാര്യങ്ങൾ കൂടി പറയുന്നതിനുള്ള അനുവാദം, അധികാരം, അത് ജൂനിയർ ഓഫീസർക്ക് നൽകുന്നത്...

ഇത്.. വളരെ ഗൗരവതരമായ കാര്യമാണ്. അക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം എന്താണ്?

ശ്രീ. ഇ.കെ. നായനാർ : സർ, ഇപ്പോൾ ഇവിടെ പറഞ്ഞത് സിലോണിലെ കപ്പലിന്റെ കാര്യമാണ്. കാരണം എൽ.റ്റി.റ്റി. യാണോ അത്തരത്തിലുള്ള മറ്റേതെങ്കിലുമാണോ എന്നുള്ള സംശയം ഉള്ളതുകൊണ്ടാണ് ഉദ്യോഗസ്ഥന്മാർ അവരെ അന്ന് പിടിച്ചതും റിക്കോർഡ് ഒന്നും കാണിക്കാത്തതിനാൽ വിടാതിരുന്നതും. എൽ.റ്റി.റ്റിയ്ക്ക് ഈ വഴിയിൽകൂടി പോക്കുവരവുണ്ട്. നമ്മൾ സൂക്ഷിക്കണം. മീഡിയക്ക് വേണ്ടി പ്രത്യേകം ഒരാളെ ഉത്തരവാദപ്പെടുത്തണം എന്ന് പറഞ്ഞാൽ ഇത്തരം വിവരങ്ങൾ നൽകുന്നതിനു പ്രത്യേകിച്ച് അതിനുവേണ്ടി ആളെ കണ്ടുപിടിച്ചിട്ടില്ല. ഇനി ഉത്തരവാദപ്പെടുത്തേണ്ടകാര്യം ആലോചിക്കാം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, നീന്താൻ അറിയുന്ന പോലീസുകാർ പോലീസ് സേനയിൽ വളരെ കുറവാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. പുതിയതായി പോലീസ് സേനയിലേക്ക് ആളുകളെ നിയമിക്കുന്ന ഘട്ടത്തിൽ അവർക്ക് പല യോഗ്യതകളും വേണം എന്നുള്ള വ്യവസ്ഥയുടെ കൂട്ടത്തിൽ നീന്താൻ അറിയണം എന്നുള്ള നിബന്ധനകൂടി വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? അങ്ങനെയാണെങ്കിൽ ഈ പ്രശ്നം വളരെ ലളിതമായി പരിഹരിക്കാൻ കഴിയും.

ശ്രീ. ഇ.കെ. നായനാർ : ശ്രീ. വൈദ്യരേ, ഇപ്പോഴുള്ള വ്യവസ്ഥയിൽ നീന്തൽ അറിയണം എന്നില്ല. ഇപ്പോൾ ബി.എ. ഡിഗ്രി ഉണ്ടോ, ആരോഗ്യം എങ്ങനെ, നെഞ്ചിന്റെ വീതി എത്ര തുടങ്ങിയ കാര്യങ്ങളാണ് നോക്കുന്നത്. ഇനി ഭാവിയിൽ ഈ വ്യവസ്ഥ വേണമോ എന്ന് ആലോചിക്കാവുന്നതാണ്. അത്രയേയുള്ളൂ. പോലീസ് സേനയിൽ ഇപ്പോൾ നീന്താൻ അറിയാവുന്നവർ വളരെ കുറവാണ്. അതിനുവേണ്ടി ട്രെയിനിംഗ് തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ ആറ് പേർക്കേ നീന്തൽ അറിയാവൂ എന്നാണ് അറിയുന്നത്. ബാക്കിയുള്ളവരുടെ സ്ഥിതി എന്താണ്? വെള്ളത്തിൽ വീണാൽ ചത്തുപോകുമെന്നല്ലാതെ വല്ല ഗതിയുമുണ്ടോ?

ശ്രീ. ജോണി നെല്ലൂർ : സർ, നമ്മുടെ നാട്ടിൽ ഓരോ ദിവസവും നിരവധി വാഹനാപകടങ്ങൾ നടക്കുകയാണ്. ട്രാഫിക് പോലീസിന്റെ എണ്ണത്തിൽ ഇപ്പോൾ വളരെ കുറവ് അനുഭവപ്പെടുന്നുണ്ട്. പട്ടണ പ്രദേശങ്ങളിലും സബ് ഡിവിഷൻ ആസ്ഥാനങ്ങളിലും ജില്ലാ ആസ്ഥാനങ്ങളിലും ധാരാളം വാഹനാപകടങ്ങൾ നടക്കുന്നുണ്ട്. സബ് ഡിവിഷണൽ ആസ്ഥാനങ്ങളിൽ ട്രാഫിക് പോലീസിന്റെ എണ്ണത്തിൽ കുറവ് വന്നതുകൊണ്ട് വാഹനാപകടങ്ങളുടെ എണ്ണം വളരെ കൂടുന്നു എന്നുള്ള പരാതി വ്യാപകമായിട്ടുണ്ട്. സബ് ഡിവിഷൻ ആസ്ഥാനങ്ങളിൽ ട്രാഫിക് പോലീസിനെ കൂടുതലായി നിയോഗിച്ച് ഈ പ്രശ്നം പരിഹരിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : അക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : പുതിയതായി ട്രെയിനിംഗ് കഴിഞ്ഞു വരുന്ന പോലീസുകാർ, പ്രത്യേകിച്ച് എസ്.ഐ.മാർ, വന്നതിനുശേഷം കറപ്ക്ഷൻ കൂറച്ച് കുറഞ്ഞിട്ടുണ്ട്. ആ ഒരു ഗുണം പറയാതിരിക്കുവാൻ നിർവാഹമില്ല. അതേസമയം നിരപരാധികളായ ആളുകൾപോലും കംപ്ലയിന്റുമായി പോലീസ് സ്റ്റേഷനിൽ ചെന്നാൽ അവരുടെ പ്രായവും കാലവും നോക്കാതെ ശരീരത്തിന്റെ ചില ഭാഗങ്ങളുടെ, അവയവങ്ങളുടെ പേരു പറഞ്ഞ് അവരുടെ നേരെ

LIBRARY ARCHIVES Kerala Legislative Assembly

തട്ടിക്കയറുകയാണ് ചെയ്യുന്നത്. എവിടെ പോയാലും അടികൊണ്ടേ പ്രശ്നം തീരൂ എന്നുള്ള ഒരു സമീപനം വളരെ വ്യാപകമായി കാണാം. ഇത് ട്രെയിനിംഗിലുള്ള അപാകതയാണെന്നാണ് എന്റെ വിശ്വാസം. ക്രമസമാധാനം സംരക്ഷിക്കാൻ വെറും അടിയും ലഹളയും തെറിയുമല്ല ആവശ്യമെന്നു ബോധ്യപ്പെടുത്താൻ വല്ല നടപടിയും ഈ ഗവൺമെന്റ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഇപ്പോൾ പോലീസ് ട്രെയിനിംഗ് കോളേജുണ്ട്. അതിൽ അവർക്ക് പഠിക്കേണ്ട വിഷയത്തെപ്പറ്റി ശ്രീ. ആര്യാടൻ മുഹമ്മദിന് പറഞ്ഞു കൊടുക്കാവുന്നതേയുള്ളൂ. ശ്രീ. ജോസഫിനെയാണ് അക്കാഡമിയുടെ ലീഡറായി ഇപ്പോൾ നിയമിച്ചിരിക്കുന്നത്. ട്രെയിനിംഗ് കോളേജുണ്ട്, സെമിനാറുണ്ട്, വിദഗ്ദ്ധന്മാർ പ്രസംഗിക്കുന്നുണ്ട്, ഇതൊക്കെ കേട്ടിട്ട്..... നന്നാകേണ്ട കാര്യങ്ങളാണെങ്കിൽ ഞാനും നിങ്ങളുമൊക്കെ യോജിക്കുകയാണ്, അക്കാര്യത്തിൽ ഒരഭിപ്രായവ്യത്യാസവും ഇല്ല.

ഗവൺമെന്റ് ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

2 (*302)<u>ശ്രീ. ആന്റണി രാജു</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. ടി.എസ്. ജോൺ</u> :
<u>ഡോ. കെ.സി. ജോസഫ്</u> :
<u>ശ്രീ. പി.സി. ജോർജ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ആശുപത്രികളിൽനിന്നും കൂടുതൽ മെച്ചപ്പെട്ട സേവനം രോഗികൾക്ക് ലഭിക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഇത് സംബന്ധമായ പരാതികൾ പരിശോധിച്ച് കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) വിലപിടിപ്പുള്ള ആശുപത്രി ഉപകരണങ്ങൾ യഥാസമയം റിപ്പയർ ചെയ്യാതെ പ്രവർത്തനരഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിനുത്തരവാദികളെ കണ്ടെത്താനും ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കാനും അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്)മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ലബോറട്ടറി, എക്സ്റേ, ഇ.സി.ജി, സ്കാനിംഗ് തുടങ്ങിയവക്ക് 24 മണിക്കൂറും സൗകര്യമേർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി <u>(ശ്രീ. വി.സി. കബീർ)</u> :

(എ)&(ബി) പൊതുജനങ്ങൾക്ക് അത്യാവശ്യ സന്ദർഭങ്ങളിൽ ഏറ്റവും അടുത്ത് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ എഴുപതോളം ആശുപത്രികളെ ഫസ്റ്റ് റഫറൽ യൂണിറ്റുകളായി ഉയർത്തി. വിവിധ ജില്ലകളിലായി 25 പുതിയ ബ്ലഡ് ബാങ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 50 ലക്ഷം രൂപ ചെലവിൽ അഞ്ച് ഇൻസിനറേറ്ററുകൾ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

6.3.2000-ലെ ചോദ്യം 1 (*301)-ന്റെ ഉത്തരം കാണുക

ഈ സർക്കാർ നടപ്പിലാക്കിയ നിരവധി പരിഷ്ക്കരണ നടപടികൾ പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും പ്രവർത്തനശൈലിയിലാകമാനം ആരോഗ്യകരമായ മാറ്റത്തിന് വഴി തുറക്കുകയും ചെയ്തിട്ടുണ്ട്.

മനുഷ്യാവകാശങ്ങൾ അങ്ങേയറ്റം മാനിക്കുന്ന, മാനുഷിക മൂല്യങ്ങൾക്ക് പരമപ്രാധാന്യം നൽകുന്ന ഒരു പോലീസ് സേനയാണ് സർക്കാരിന്റെ ലക്ഷ്യം. പോലീസുകാർ എല്ലാ അർത്ഥത്തിലും പൊതുജനസേവകരാണ് എന്ന ആശയമാണ് സർക്കാരിന്റെ നയം.

ക്രൈംസ്റ്റോപ്പർ

കുറ്റകൃത്യങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് സ്വയം പേര് വെളിപ്പെടുത്താതെ തന്നെ പോലീസിന് വിവരം നൽകുന്നതിനുള്ള സംവിധാനം എല്ലാ ജില്ലകളിലും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

പോലീസ് കൺട്രോൾ റൂമും ഫ്ളയിംഗ് സ്കാഡ് സംവിധാനവും

കുറ്റകൃത്യങ്ങൾ തടയുന്നതിനും അവ ഉണ്ടായാൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ 3 സിറ്റികളിലും ഫ്ളയിംഗ് സ്കാഡുകൾ നവീകരിച്ച് പ്രവർത്തിക്കുന്നതിനുപുറമേ ഡയൽ 100 സംവിധാനത്തോടുകൂടി കൺട്രോൾ റൂമും, ഫ്ളയിംഗ് സ്കാഡും കൊല്ലം, കോട്ടയം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ എന്നീ പട്ടണങ്ങളിലും നവീകരിച്ചു പ്രവർത്തിച്ചുവരുന്നു.

ക്രൈം മോണിറ്ററിംഗ് റൂം

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടാകുന്ന കുറ്റകൃത്യങ്ങളെ സംബന്ധിക്കുന്ന വിശദമായവിവരങ്ങൾ ഉടൻതന്നെ ശേഖരിച്ച് മോണിറ്റർ ചെയ്യുന്നതിനുവേണ്ടി രാവിലെ 9 മണിമുതൽ രാത്രി 9 മണിവരെ പ്രവർത്തിക്കുന്ന ക്രൈം മോണിറ്ററിംഗ് റൂം സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോയിൽ ഏർപ്പെടുത്തി പ്രവർത്തിച്ചുവരുന്നു.

പാന്തർ പട്രോളിംഗ്

രാത്രി കാലങ്ങളിൽ കുറ്റകൃത്യങ്ങൾ തടയുന്നതിന് ഒരു പ്രത്യേക സംവിധാനമെന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സിറ്റികളിൽ പാന്തർ പട്രോളിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

റാപ്പിഡ് ആക്ഷൻ പട്രോളിംഗ് സംവിധാനം (റാംപ്സ്)

നഗരങ്ങളിൽ നിലവിലുള്ള പട്രോളിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മോട്ടോർ സൈക്കിൾ ഉപയോഗിച്ചുള്ള റാപ്പിഡ് ആക്ഷൻ പട്രോളിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

കേരളാ റൈഫിൾസ്

ക്രമസമാധാനം ശക്തിപ്പെടുത്തുന്നതിനും തീവ്രവാദ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിനുമായി 1000 അംഗങ്ങൾ വീതമുള്ള കേരളാ റൈഫിൾസ് എന്ന പേരിൽ 3 സായുധ സേന ബറ്റാലിയനുകൾ രൂപീകരിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ 1-ാം ബറ്റാലിയൻ

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡു ജില്ലയിലെ ചീമേനി ആസ്ഥാനമായി പ്രവർത്തിക്കുന്നതിന് 50 ഏക്കർ സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പോലീസ് ആസ്ഥാനത്തു പബ്ലിക്ക് വിൻഡോ സെൽ

പൊതുജനങ്ങളിൽ നിന്നും ഡി.ജി.പി. നേരിട്ട് പരാതികൾ സ്വീകരിച്ച് അന്വേഷണം നടത്തുന്നതിനുവേണ്ടി പോലീസ് ആസ്ഥാനത്ത് ഒരു പബ്ലിക് വിൻഡോ സെൽ ഏർപ്പെടുത്തി പ്രവർത്തിച്ചുവരുന്നു.

പ്രവാസി മലയാളികളുടെ പരാതികൾ കൈകാര്യം ചെയ്യാൻ പ്രത്യേക സംവിധാനം

പ്രവാസി മലയാളികളുടെ പരാതികൾ സ്വീകരിച്ച് അന്വേഷണം നടത്തുന്നതിനുവേണ്ടി പ്രത്യേകമായി പോലീസ് ആസ്ഥാനത്തെ പബ്ലിക് വിൻഡോ സെല്ലിന്റെ ഭാഗമായി എ.ഐ.ജി (പി.ജി) യുടെ ചുമതലയിൽ ഒരു പ്രത്യേക വിഭാഗം ഏർപ്പെടുത്തി പ്രവർത്തിച്ചുവരുന്നു.

തപാൽമാർഗ്ഗം എഫ്.ഐ. ആറിന്റെ പകർപ്പ് പരാതിക്കാർക്ക് നൽകുന്നതിനുള്ള നടപടി.

പരാതിക്കാർക്ക് എഫ്.ഐ.ആറിന്റെ പകർപ്പ് പോലീസ് സ്റ്റേഷനിൽ നിന്നും നേരിട്ടു നൽകുന്നതിനുപുറമേ തപാൽ മാർഗ്ഗം അയച്ചു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ഒരു നടപടി ഇന്ത്യയിൽ ഇത് ആദ്യമായാണ്.

മാതൃകാ പോലീസ് സ്റ്റേഷനുകൾ

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം സിറ്റിയിൽ കമ്പ്യൂട്ടർ റിസപ്ഷൻ കൗണ്ടർ എന്നീ സൗകര്യങ്ങളോടുകൂടി 5 പോലീസ് സ്റ്റേഷനുകളെ മാതൃകാ പോലീസ് സ്റ്റേഷനുകളാക്കി മാറ്റിയിട്ടുണ്ട്. ഈ പോലീസ് സ്റ്റേഷനുകളിൽ പരാതികൾക്ക് അപ്പപ്പോൾ തന്നെ കമ്പ്യൂട്ടറിലൂടെ പരാതിക്കുള്ള രസീതുകൾ നൽകിവരുന്നു. മറ്റു പോലീസ് സ്റ്റേഷനുകലിലേയ്ക്ക് ഈ സമ്പ്രദായം വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ട്രാഫിക്ക് പരിഷ്ക്കാരങ്ങൾ

വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനും കുറ്റമറ്റ ട്രാഫിക്ക് സംവിധാനം നടപ്പിലാക്കുന്നതിനും വേണ്ടി നിരവധി കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റോഡ് ഗതാഗതത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് ഒരു ഐ.ജി.പി. (എ.പി. ബറ്റാലിയൻ ആന്റ് ട്രാഫിക്ക്)യുടെ തസ്തിക സൃഷ്ടിച്ചു പ്രവർത്തിച്ചുവരുന്നു.

ഹൈവേ പട്രോൾ

ദേശീയ പാതയിലും എം.സി.റോഡിലും ഹൈവേ പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇടുക്കി, വയനാട് ജില്ലകൾ ഒഴികെ ഡി.വൈ.എസ്.പി./സി.ഐ. മാരുടെ നേതൃത്വത്തിൽ ദൈനംദിന പട്രോളിംഗും നടത്തുന്നുണ്ട്.

ട്രാഫിക്ക് വാർഡൻ സംവിധാനം.

ട്രാഫിക്ക് ജോലികളിൽ പോലീസിനെ സഹായിക്കുന്നതിന് ട്രാഫിക് വാർഡൻ സമ്പ്രദായം ചില പ്രധാന നഗരങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ട്രാഫിക് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ പ്രോഗ്രാം

സ്റ്റുഡൻസ് ട്രാഫിക് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ പ്രോഗ്രാം പൊതുജനസഹകരണത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.

പ്രീ പെയ്ഡ് ഓട്ടോറിക്ഷ സമ്പ്രദായം

ബഹുമാനപ്പെട്ട നിയമസഭാസാമാജികർ ആവശ്യപ്പെട്ടതനുസരിച്ച് പൊതുജനങ്ങൾക്ക് ഓട്ടോറിക്ഷകളിൽ യാത്രചെയ്യുമ്പോൾ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അമിതമായ യാത്രാകൂലി ഈടാക്കുന്നത് തടയുന്നതിനും തിരുവനന്തപുരം, എറണാകുളം, കൊല്ലം എന്നിവിടങ്ങളിൽ ഈ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

ട്രാഫിക് പരിഷ്ക്കരണത്തിനു വേണ്ടി മാത്രം ഒരു കോടി രൂപ

ഈ സർക്കാർ ട്രാഫിക് അപകട നിവാരണ പ്രവർത്തനങ്ങൾക്ക് മാത്രമായി ഒരു കോടി രൂപ പോലീസ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇത് തികച്ചും നൂതനമായ ഒരു പരിഷ്ക്കാരമാണ്,

ട്രാഫിക് പോലീസ് ഹെൽപ് ലൈൻ സംവിധാനം

ട്രാഫിക് അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര ചികിത്സ ലഭിക്കുന്നത് ഉൾപ്പെടെയുള്ള പോലീസ് സഹായം ലഭ്യമാക്കുന്നതിന് പൊതുജനങ്ങൾക്ക് പൊലീസ് ഹെൽപ്പ് ലൈൻ ടെലഫോൺ നമ്പർ സൗജന്യമായി ഉപയോഗിക്കാവുന്നതാണ്.

ആരോഗ്യക്ഷേമ പദ്ധതി

പോലീസ് സേനാംഗങ്ങളുടെ പ്രത്യേക ജോലി സ്വഭാവം കണക്കിലെടുത്ത് ഒരു ആരോഗ്യ ക്ഷേമ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

ക്രൈംബ്രാഞ്ച് പുനഃസംഘടന

കുറ്റാന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ക്രൈം ബ്രാഞ്ച് വിഭാഗം പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

രഹസ്യാന്വേഷണവിഭാഗ പുനഃസംഘടന

കുറ്റകൃത്യങ്ങൾ സംബന്ധിച്ച രഹസ്യ വിവരങ്ങൾ ശേഖരിച്ച് പോലീസ് പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനുവേണ്ടി രഹസ്യാന്വേഷണ വിഭാഗവും പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

കുറ്റാന്വേഷണത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം

കുറ്റാന്വേഷണത്തിൽ ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോഗത്തെ സംബന്ധിച്ച് ന്യൂഡൽഹിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിമിനോളജി ആന്റ് ഫോറൻസിക് സയൻസ്, ഹൈദരാബാദിലെ സെൻട്രൽ ഡിറ്റക്ടീവ് ട്രെയിനിംഗ് സ്ക്കൂൾ എന്നീ സ്ഥാപനങ്ങളിലെ വിദഗ്ധർ കേരളത്തിൽ വന്ന് കേരളാ പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കുകയും ഇൻവസ്റ്റിഗേഷൻ കിറ്റ്ബോക്സുകൾ നൽകുകയും ചെയ്തു. ഇതിനുപുറമേ ഇന്റലിജൻസ് ബ്യൂറോ, സംസ്ഥാന പോലീസിന്റെ ഇന്റലിജൻസ് വിഭാഗം ഉദ്യോഗസ്ഥർക്കായി ഇംപ്രൊവൈസ്ഡ് എക്സ്പ്ലോസീവ് ഡിവൈസുകളെ സംബന്ധിച്ചുള്ള ക്ലാസുകളും നടത്തിയിട്ടുണ്ട്. കൂടാതെ സിവിൽ ഏവിയേഷൻ സെക്യൂരിറ്റിയിലും കേരളാ പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഫിംഗർ പ്രിന്റ് ബ്യൂറോ നവീകരണം (ഫാക്ട്സ്)

ത്വരിതഗതിയിൽ ഫിംഗർ പ്രിന്റ് താരതമ്യ പഠനം നടത്തി കുറ്റവാളികളെ കണ്ടുപിടിക്കുന്നതിന് ഫിംഗർ പ്രിന്റ് അനാലിസിസ് ആന്റ് ക്രിമിനൽ ട്രേസിംഗ് സിസ്റ്റം (ഫാക്ട്സ്) എന്ന അത്യാധുനിക കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഫോറൻസിക് ലബോറട്ടറി നവീകരണം

ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സിറോളജി, ഡോക്യുമെന്റ്സ്(സിവിൽ) എന്നീ പുതിയ വിഭാഗങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കോഴിക്കോട് ആസ്ഥാനമായി ഒരു റീജിയണൽ ഫോറൻസിക് സയൻസ് ലാബും ആരംഭിക്കുന്നതാണ്.

ബോംബ് ഡിസ്പോസൽ സംവിധാനം

സ്ഫോടക വസ്തുക്കൾ കണ്ടുപിടിക്കാനും നിർവീര്യപ്പെടുത്താനുമുള്ള അത്യാധുനിക ബോംബ് ഡിക്റ്റഷൻ ആന്റ് ഡിസ്പോസൽ എക്യുപ്മെന്റ് പോലീസ് സേന കരസ്ഥമാക്കിയിട്ടുണ്ട്.

മോഡസ് ഓപ്പറാന്റി ബ്യൂറോ

കുറ്റവാളികളുടെയും കുറ്റകൃത്യങ്ങളിൽ സംശയിക്കപ്പെടുന്നവരേയും സംബന്ധിച്ച് ഫോട്ടോ ഗ്രാഫുകൾ ഉൾപ്പെടെ സർവ്വ വിവരങ്ങളും ഉൾക്കൊള്ളുന്ന കമ്പ്യൂട്ടർ ഡാറ്റാ ഷീറ്റുകൾ ഉണ്ടാക്കി വിശകലനം ചെയ്ത് കുറ്റകൃത്യങ്ങൾ സത്വരം കണ്ടെത്തുന്നതിനുള്ള ഈ സംവിധാനം എസ്.സി.ആർ. ബിയോടനുബന്ധിച്ച് ഏർപ്പെടുത്തി പ്രവർത്തിച്ചുവരുന്നു.

പോലീസ് വെബ്സൈറ്റ്

ഇന്റർനെറ്റ് സംവിധാനത്തിൽ കേരളാ പോലീസ് ഒരു വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. സംവിധാനത്തിലൂടെ ലോകത്തിന്റെ ഏതു ഭാഗത്തു നിന്നും പരാതികളും വിവരങ്ങളും കമ്പ്യൂട്ടർ മുഖാന്തിരം ഡി.ജി.പി.ക്ക് നൽകാവുന്നതാണ്.

ഇലക്ട്രോണിക് മെയിൽ സംവിധാനം

ഇലക്ട്രോണിക് മെയിൽ സംവിധാനത്തിലൂടെ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള വിവരങ്ങളും പരാതികളും കൈകാര്യം ചെയ്യുന്നതിന് ഒരു ഹൈടെക് കൺട്രോൾ റൂം കൊല്ലം ജില്ലയിൽ സ്ഥാപിച്ചു കഴിഞ്ഞു.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നടപടി

ഇതിനുവേണ്ടി വയനാട്, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിലെ സ്ക്വാഡുകൾ ഓരോ ഡി.വൈ.എസ്.പിയുടെ തസ്തിക സൃഷ്ടിച്ച് ഡി.വൈ.എസ്.പി. യുടെ ചുമതലയിൽ ആക്കിയിട്ടുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമത്തെ സംബന്ധിച്ച പോലീസ് ഉദ്യോഗസ്ഥന്മാരേയും പ്രസ്തുത വിഭാഗത്തിലെ അംഗങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലകൾ സംസ്ഥാന വ്യാപകമായി ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു.

വനിതാപോലീസ് വിഭാഗം

സർക്കാരിന്റെ പ്രഖ്യാപിത നയങ്ങളിലൊന്നാണ് പോലിസ് സേനയിൽ വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുക എന്നുള്ളത്. അടുത്തു

LIBRARY ARCHIVES Kerala Legislative Assembly

തന്നെ പി.എസ്.സി. മുഖാന്തിരം തെരഞ്ഞെടുക്കുന്ന 3500 വനിതാ പോലീസ് സേനാംഗങ്ങളുടെ പരിശീലനം തുടങ്ങുന്നതാണ്. പോലീസ് സേനയിൽ വനിതകളുടെ അംഗസംഖ്യ സേനാബലത്തിന്റെ 10 ശതമാന മായി ഉയർത്തുവാനുള്ള നടപടിയുടെ മുന്നോടിയാണിത്. സബ് ഇൻസ്പെ ക്ടർമാരുടെ ജനറൽ റിക്രൂട്ട്മെന്റിനോടൊപ്പം വനിതാ സബ് ഇൻസ്പെ ക്ടർമാരെയും നേരിട്ട് തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചി ട്ടുണ്ട്.

8 മണിക്കൂർ ജോലി സമ്പ്രദായം

പോലീസ് സേനാംഗങ്ങളുടെ ജോലി ഭാരം കണക്കിലെടുത്ത് പ്രവർ ത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ തെര ഞ്ഞെടുക്കപ്പെട്ട 72 പോലീസ് സ്റ്റേഷനുകളിൽ ഹെഡ് കോൺസ്റ്റ ബിൾ/കോൺസ്റ്റബിൾമാർക്ക് 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കിയി ട്ടുണ്ട്.

പോലീസ് പൊതുജന സമ്പർക്കം

പോലീസും പൊതജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തു തിനും സൗഹൃദം വളർത്തിയെടുക്കുന്നതിനും പോലീസ് പ്രവർത്തനങ്ങ ളിൽ പൊതുജനപങ്കാളിത്തം സൃഷ്ടിക്കുന്നതിനുംവേണ്ടി നിരവധി നടപടി കൾ സ്വീകരിച്ചിട്ടുണ്ട്. ഒരു ക്രമസമാധാനവിഭാഗം എന്നതിലുപരിയായി പൊതുജന സഹകരണത്തോടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നല്കുന്ന ഒരു സമ്പൂർണ്ണ കർമ്മമേഖലയായി പോലീസ് പ്രവർത്തനങ്ങളെ മാറ്റി തീർക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി പൊതു ജനങ്ങ ളേയും പോലീസ് ഉദ്യോഗസ്ഥന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് വിവിധ വിഷ യങ്ങളിൽ ചർച്ചാ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്. 1998 നവംബർ മാസം കേരളാ പോലീസ് കുറ്റകൃത്യ നിവാരണമാസമായി ആച രിച്ചു. 1999 നവംബർ മാസവും കുറ്റകൃത്യ നിവാരണമാസമായി ആചരിച്ചു.

മുനിസിപ്പൽ ഏരിയ പട്രോളിംഗ് സിസ്റ്റം (മാപ്സ്)

നെയ്യാറ്റിൻകര, ആറ്റിങ്ങൽ, നെടുമങ്ങാട് മുൻസിപ്പാലിറ്റികളിൽ ഫ്ളൈയിംഗ് സ്കാഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

പോലീസ് സേനാംഗങ്ങളുടെ പരിശീലനം

സാമൂഹ്യമാറ്റങ്ങൾക്കനുസൃതമായി പൊതുജനങ്ങളുമായി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സമ്പർക്കം പുലർത്തുന്നതിലേയ്ക്കായി പോലീസ് സേനാംഗങ്ങളുടെ പരിശീലന പരിപാടിയിൽ കാതലായ മാറ്റം വരുത്തി ക്കൊണ്ടുള്ള ഒരു പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

പുതിയ തസ്തികകൾ

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 5000 ത്തോളം അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

പോലീസ് മ്യൂസിയം

കൊല്ലത്ത് ഒരു പോലീസ് മ്യൂസിയം ആരംഭിച്ചിട്ടുണ്ട്. ഫയറിംഗ് പരി ശീലനത്തിനായി അത്യാധുനിക രീതിയിൽ ശരിയായ പരിശീലനം നൽകുന്ന ഇലക്ട്രോണിക് സിമുലേറ്റർ വാങ്ങിയിട്ടുണ്ട്. വി.ഐ.പി. സെക്യൂ രിറ്റിക്കായി സ്പെഷ്യൽ പ്രൊട്ടക്ഷൻ ഫോഴ്സ് എന്ന പേരിൽ ഒരു പുതിയ ഗ്രൂപ്പ് രൂപവൽക്കരിച്ച് അതിന് പരിശീലനം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അറസ്റ്റിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി പുതിയതായി നൽകിയ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുവരുന്നു.

സംസ്ഥാനത്തെ പകുതിയോളം പോലീസ് സബ് ഡിവിഷനുകളിൽ ഫോട്ടോസ്റ്റാറ്റ് മെഷീനുകൾ സ്ഥാപിച്ചു.

സംസ്ഥാന പോലീസ് മോണിട്ടറിംഗ് റൂം ആധുനികവൽക്കരിച്ചു. കേസന്വേഷണത്തിന്റെ പുരോഗതിയും വിവരങ്ങളും ആവലാതിക്കാരെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവരെയുള്ള പോലീസ് നടപടിക്രമപ്രകാരം ഇപ്രകാരം ആവലാതിക്കാരെ വിവരം അറിയിച്ചിരുന്നില്ല. എന്നാൽ കേസന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ള വിവരം പരാതിക്കാരനെ പോലീസ് വകുപ്പിൽ നിന്നും രേഖാമൂലം അറിയിക്കുന്നതാണ്.

സാക്ഷികളെ ലഭിക്കാത്തതുകൊണ്ടും പ്രതിയെ പിടികിട്ടാനുള്ളതുകൊണ്ടും വിദഗ്ധ പരിശോധന റിപ്പോർട്ടുകൾ യഥാസമയം ലഭിക്കാത്തതുകൊണ്ടും മറ്റു നിയമ സാങ്കേതിക പ്രശ്നങ്ങൾകൊണ്ടും കേസന്വേഷണം ത്വരിതഗതിയിൽ പൂർത്തിയാക്കാൻ കഴിയാതെ വരുന്ന സന്ദർഭങ്ങൾ പലപ്പോഴും ഉണ്ടാകാറുണ്ട്.

ഇത്തരം സന്ദർഭങ്ങളിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് 3 മാസം കൂടുമ്പോഴും 6 മാസം കൂടുമ്പോഴും ഒരു വർഷം കഴിയുമ്പോഴും ഏതെങ്കിലും കാരണവശാൽ കേസന്വേഷണം പൂർത്തിയാകാതെ വന്നാൽ പ്രസ്തുത കാരണം പരാതിക്കാരനെ രേഖാമൂലം അറിയിക്കുന്ന നടപടി ക്രമത്തിനും തുടക്കം (സർക്കുലർ നം. 25/99 ആന്റ് 30/99)കുറിച്ചിട്ടുണ്ട്.

സ്ഫോടക വസ്തുക്കളും, ബോംബുകളും ഉപയോഗിച്ച് ജനങ്ങൾക്കെതിരെയും ഡ്യൂട്ടിക്ക് നിയോഗിക്കുന്ന പോലീസുകാർക്കെതിരെയും അക്രമങ്ങൾ ഉണ്ടായാൽ ഇത് ഗുരുതരമായ കുറ്റകൃത്യമായി കണക്കാക്കി 307 ഐ.പി.സി. (വധശ്രമം) ആയി കേസ് എടുത്ത് അന്വേഷണം നടത്തണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ട പോലീസ് ഹെൽപ്പ്ലൈൻ

സ്ത്രീകൾക്കും കുട്ടികളും നേരിടുന്ന പ്രശ്നങ്ങളിൽ അടിയന്തര നടപടി സ്വീകരിച്ച് അവർക്ക് സത്വര സഹായം എത്തിക്കുന്നതിനുവേണ്ടി 1097 എന്ന നമ്പരിൽ ഒരു സൗജന്യ ഹെൽപ്പ് ലൈൻ സംവിധാനം കേരളാ പോലീസ് ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനെല്ലാം പുറമേ പോലീസ് പ്രവർത്തനങ്ങളിൽ പൊതുജന സഹകരണവും സൗഹൃദവും ഉറപ്പാക്കിക്കൊണ്ട് പോലീസ് പ്രവർത്തനങ്ങളെ ഒരു സമ്പൂർണ്ണ കർമ്മ മേഖലയാക്കി മാറ്റിതീർക്കുന്നതിനുവേണ്ടി കേരളാ പീപ്പിൾസ് പോലീസ് സ്കീം എന്ന പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

ജല അപകടങ്ങൾ ഉണ്ടാകുമ്പോൾ അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിരമായി സഹായം എത്തിച്ച് വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സിറ്റികളിലെ കൺട്രോൾ റൂമുകളിൽ മറൈൻ ഡ്യൂട്ടിക്കായി താഴെ പറയുന്ന പോലീസ് സേനാംഗങ്ങളെ നിയോഗിച്ചുകൊണ്ട് ഡി.ജി.പി. ഉത്തരവായിട്ടുണ്ട്. (ഡി.ജി.ഒ.നം. 116/2000, തീയതി 10.2.2000)

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം സിറ്റി - എ.പി.എസ്.ഐ.1, പി.സി.3
എറണാകുളം സിറ്റി - എ.പി.എസ്.ഐ.1, എ.പി.എ.എസ്.ഐ.2, പി.സി.1
കോഴിക്കോട് സിറ്റി - എ.പി.എസ്.ഐ.1, എ.പി.എ.എസ്.ഐ.2, പി,സി.1

അനുബന്ധം - II

6.3.2000-ലെ ചോദ്യം നമ്പർ 2 (*302)-ന്റെ ഉത്തരം കാണുക.

മെഡിക്കൽ കോളേജ് ആശുപത്രികളുടെ വികസനം സംബന്ധിച്ച്

സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളുടെ വികസനം സംബന്ധിച്ച് സ്ഥല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ ആശുപത്രി സമുച്ചയങ്ങൾ പണിയുന്നതിനും നടപടികൾ നടന്നുവരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിക്ക് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് (10 നിലകളിലുള്ളത്) നിർമ്മാണം പുരോഗമിച്ചു വരുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ 400 കിടക്കകളുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

ആലപ്പുഴയിൽ വണ്ടാനത്തുള്ള ആശുപത്രി സമുച്ചയത്തിന്റെ ഒ.പി. ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു.

നിലവിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികളിലെ സ്ഥല പരിമിതികൾ, ടി കെട്ടിടങ്ങൾ കമ്മീഷൻ ചെയ്യുന്നതോടുകൂടി പരിഹരിക്കാനാവും.

മെഡിക്കൽ കോളേജുകളിലെ ചികിത്സാ രീതികൾ മെച്ചപ്പെടുത്തുന്നതിനായി 1997-'98 1998-'99 വർഷങ്ങളിൽ ഏകദേശം 5 കോടിയോളം രൂപയ്ക്കുള്ള ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുകയുണ്ടായി. (വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.)

1999-2000 വർഷത്തിൽ ഏകദേശം 1 കോടിയോളം രൂപയുടെ ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള ഉത്തരവ് ഇതിനോടകം നല്കിക്കഴിഞ്ഞു.

വിശദവിവരങ്ങൾ

തിരുവനന്തപുരം

1.	ഐ.സി.വെന്റിലേറ്റർ	:	6.10 ലക്ഷം രൂപ
2.	കോളോണോസ്കോപ്പ്	:	7.40 ലക്ഷം രൂപ
3.	ഫക്ഷണൻ സൈനസ് സർജറി ഉപകരണം	:	7.00 ലക്ഷം രൂപ
4.	വീഡിയോ സിസ്റ്റം എന്റോസ്ക്കോപ്പ്	:	5.00 ലക്ഷം രൂപ
5.	ിയോനറ്റർ വെന്റിലേറ്റർ	:	6.98 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly